ഫാറം - IV

[ചട്ടം 19(2) കാണുക]

ഹരിപ്പാട് മുനിസിപ്പൽ കൗൺസിൽ

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 36-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്

താഴെപ്പറയുന്ന അതിരുകളോടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ കരട് മാസ്റ്റർ പ്ലാൻ ഹരിപ്പാട് മുനിസിപ്പൽ കൗൺസിൽ തയ്യാറാക്കിയത് ഹരിപ്പാട് മുനിസിപ്പൽ കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.haripadmunicipality.lsgkerala.gov.in-ൽ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിന്റെ (2016-ലെ 9) 36-ആം വകുപ്പ്, (4)-ആം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് - ചെറുതന ഗ്രാമ പഞ്ചായത്ത് & വീയപുരം ഗ്രാമപഞ്ചായത്ത്.

കിഴക്ക് - പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്.

തെക്ക് - ചിങ്ങോലി ഗ്രാമപഞ്ചായത്ത്& കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്.

പടിഞ്ഞാറ് - കുമാരപുരം ഗ്രാമ പഞ്ചായത്ത് (ഡാണപ്പടി-കാർത്തികപ്പള്ളി തോട്)

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - നിലവിലില്ല.

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - നിലവിലില്ല.

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക - അംഗീകരിച്ച/പ്രസിദ്ദീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ നിലവിലില്ലാത്തതിനാൽ ബാധകമല്ല.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ - അംഗീകരിച്ച /പ്രസിദ്ദീകരിച്ച വിശദനഗരാസൂത്രണ പദ്ധതികൾ നിലവിലില്ലാത്തതിനാൽ ബാധകമല്ല.

കരട് മാസ്റ്റർ പ്ലാനിന്റെ പകർപ്പ് പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി ഹരിപ്പാട് മുനിസിപ്പൽ കൗൺസിൽ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താല്പര്യമുള്ള ഏതൊരാൾക്കും ഇതു സംബന്ധിച്ച ആക്ഷേപങ്ങളും, അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം ഹരിപ്പാട് മുനിസിപ്പൽ കൗൺസിൽ സെക്രട്ടറിയ്ക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 61-ാം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാതെ യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കുവാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂവികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി 13/3/26

13.03.26
ചെയർപേഴ്സൺ

HARIPAD MUNICIPAL OFFICE PH:0479-2412766 HARIPPAD, PIN:690514

സ്ഥലം: ഹരിപ്പാട്
തീയതി: 13/3/26